# കേരളസർവകലാശാല

നം.പി.ആർ.220/2023 തിരുവനന്തപുരം, തീയതി: 26/10/2023

## പത്രക്കുറിപ്പ്

### സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (യു.ഐ.എം ആലപ്പുഴ, പുനലൂർ, അടൂർ, വർക്കല, കൊല്ലം, ഐ.സി.എം പൂജപ്പുര) എം.ബി.എ. (ഫുൾടൈം) കോഴ്സസിലേക്കുള്ള 2023-24 വർഷത്തെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ 2023 ഒക്ടോബർ 27 മുതൽ 30 വരെയുള്ള തീയതികളിൽ അതാത് യൂ.ഐ.എം കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ എം.എഡ് 2021-2023 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല 2023 ഡിസംബർ 8ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.കോം സി.ബി.സി.എസ്.എസ് പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴയില്ലാതെ നവംബർ 2 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ., ബി.എസ്.സി., ബി.കോം, ബി.ബി.എ., ബി.സി.എ., ബി.പി.എ., ബി.എം.എസ്, ബി.എസ്.ഡബ്ള്യൂ., ബി.വോക് എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ) (റഗുലർ 2021 അഡ്മിഷൻ, സപ്ലിമെന്ററി 2019 & 2020 അഡ്മിഷൻ, മെഴ്സി ചാൻസ് 2015 & 2017 അഡ്മിഷൻ) ഡിസംബർ 2023 പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 2 വരെയും, 150/- രൂപ പിഴയോട് കൂടി നവംബർ 6 വരെയും , 400/- രൂപ അധിക പിഴയോട് കൂടി നവംബർ 8 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാലയുടെ 2023 ജൂലൈ സെഷൻ Ph.D. കോഴ്സ് വർക്ക് പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ (www.keralauniversity.ac.in) വെബ് സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നവംബർ 8ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.എസ്.ഡബ്ലിയു, എം.എം.സി.ജെ, എം.ടി.ടി.എം നവംബർ 2023 ഡിഗ്രി പരീക്ഷകളുടെ (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2020,2019 അഡ്മിഷൻ സപ്ലിമെന്ററി) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബർ 31ന് ആരംഭിക്കുന്ന പത്താം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ (ഇന്റഗ്രേറ്റഡ്) ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബർ 31ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ റെഗുലർ (2020 സ്കീം – 2021 അഡ്മിഷൻ) & സപ്ലിമെന്ററി (2020 സ്കീം – 2020 അഡ്മിഷൻ, 2018 സ്കീം – 2019 അഡ്മിഷൻ) ഫുൾടൈം (യൂ.ഐ.എം ഉൾപ്പെടെ/ ട്രാവൽ & ടൂറിസം) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

## ടൈംടേബിൾ & പ്രോജക്ട്

കേരള സർവകലാശാല നാലാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.എസ് ഡബ്ലിയു ( ന്യൂ ജനറേഷൻ കോഴ്സുകൾ) ഡിഗ്രി പരീക്ഷ ഒക്‌ൾടോബർ 2023 ടൈംടേബിൾ പ്രസിദ്ധീകരിച്ചു.പ്രോജക്ട് സമർപ്പിക്കുന്ന അവസാന തീയതി നവംബർ 20.വിശദവിവരം വെബ്സൈറ്റിൽ.

## UGC-NET/JRF പരീക്ഷാ പരിശീലനം

കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് തിരുവനന്തപുരം UGC-NET/JRF പരീക്ഷകളുടെ ജനറൽ പേപ്പറിന് 2023 നവംബർ മാസം 8 മുതൽ പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡന്റസ് സെന്ററിൽ പ്രവർത്തിക്കുന്ന കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ ഓഫീസിൽ നേരിട്ട് എത്തി അവരവരുടെ പേരുവിവരം രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി ഓഫീസ് പ്രവർത്തന സമയത്ത് 0471 – ബന്ധപ്പെടുക. 2304577 എന്ന നമ്പറിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in